വില്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ, സബ്സിഡി സാധനങ്ങളുടെ വില്പനവില പുനർ നിർണ്ണയിച്ചത്.

ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

21 (*261) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി) എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളത്തിയെടുക്കുന്നതിനാണ് സോഫ്റ്റ്വെയർ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി സോഫ്റ്റ്വെയർ ഇൻകുബേഷൻ സെന്റർ ആരംഭിക്കു

LIBRARY ARCHIVES Kerala Legislative Assembly

വാനാണ് ലക്ഷ്യമിടുന്നത്. സോഫ്റ്റ്വെയർ വ്യവസായങ്ങൾ വികസിപ്പിക്കുക, വ്യവസായ സ്ഥാപനങ്ങളിലെ പ്രമുഖരുമായി ടെക്നിക്കൽ മീറ്റിംഗുകൾ സംഘടിപ്പിക്കുക, അത്യാധുനിക സോഫ്റ്റ്വെയർ ഉപകരണങ്ങളിൽ പരിശീലനം നൽകുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(സി) സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളി ടെക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ എന്നിവിടങ്ങളിലാണ് ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.

(ഡി) 2014-15 വർഷം ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി 75 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2015-16 സാമ്പത്തിക വർഷം പദ്ധതിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കയർമേഖലയിലെ പ്രതിസന്ധി

22 (*262) ശ്രീ. എളമരം കരീം :
ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ മേഖല അതിരൂക്ഷമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള കയർ മേളകൾ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും നിലയിൽ സഹായമായിട്ടുണ്ടോ ;

(സി) പ്രസ്തുത മേളകൾക്കെല്ലാംകൂടി എത്ര രൂപ ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ ; മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൻ ധൂർത്ത് നടന്നതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly